ശ്രീ. കെ.കെ. തോമസ് : ഈ തുക ഉദ്ദേശം എത്രയെന്ന് വ്യക്തമാക്കാമോ ? ആ കൃഷിക്കാർ വളരെ പ്രതിസന്ധിയിലാണ് ഈ തുക ഇവരുടെ ഉന്നമനത്തിനുവേണ്ടി ഒരു സഹകരണസംഘം രൂപീകരിക്കുന്നതിനും അതിലെ ഷെയറാക്കി മാറ്റുന്നതിനും ഗവൺമെന്റ് പ്രോൽസാഹനം നൽകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : ഏലം കൃഷിക്കാർക്ക് ഇക്കാര്യത്തിൽ ഉണ്ടാകുന്ന ബുദ്ധിമുട്ട് കൊണ്ടാണ് നമ്മളം ലേലം ചെയ്ത പോയിന്റിൽനിന്നുമാത്രം പുഴ ചെയ്ത് ലേലം ചെയ്യുന്നത്. അവിടെനിന്നു മാത്രം ഇത് ഈടാക്കിയാൽ മതിയെന്നു പറഞ്ഞു. അല്ലെങ്കിൽ നിരവധി കൃഷിക്കാർക്ക് പല രീതിയിൽ സ്റ്റേറേറ്റ്മെന്റ് കൊടുക്കുന്നതിന് ബുദ്ധിമുട്ട് വരുന്നതു കൊണ്ടാണ് ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് ഇങ്ങനെ ചെയ്യുന്നത്.

ശ്രീ. രാഘവൻ പൊഴക്കടവിൽ : കേരളത്തിൽ എത്ര ടൺ ഏലക്കാ ഉല്പാദിപ്പിക്കുന്നുവെന്നും എത്ര ടൺ പുറത്തേക്ക് കയറ്റി അയയ്ക്കുന്നുവെന്നും ആ കയറ്റി അയയ്ക്കുന്നയിനത്തിൽ എത്ര ടാക്സ് കേരളത്തിന് ഈടാക്കാൻ കഴിയുന്നുവെന്നും വ്യക്തമാക്കാമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അത് പ്രത്യേകമായി ചോദിച്ചാൽ പറയാം.

ശ്രീ. എ.കെ. ശശീന്ദ്രൻ : ഏലം ലേലത്തിൽ പിടിക്കുന്ന ആളിൽ നിന്നാണ് ടാക്സ് ഈടാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. കേരളത്തിൽ ഉല്പാദിപ്പിക്കപ്പെടുന്ന ഏലത്തിൽ 75 ശതമാനവും കേരളത്തിനു പുറത്തു വച്ചാണ് ലേലം ചെയ്തു വില്ക്കുന്നതെന്ന വസ്തുത പരിഗണിച്ച് കേരളത്തിന് നികുതി നഷ്ടപ്പെടുന്നു എന്നുള്ള കാര്യം അന്വേഷിച്ചിട്ടുണ്ടോ ; ആ വസ്തുത പരിശോധിക്കാൻ തയ്യാറാകുമോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അത് ഗവൺമെന്റ് പരിശോധിച്ച ഒരു കാര്യമാണ്. കേരളത്തിനു പുറത്തു കൊണ്ടുപോയാൽ കൃഷിക്കാർക്ക് യാതൊരു ഗുണവുമുണ്ടാകുകയില്ല. കോഴിക്കോട് ആണ് ഏലം കൃഷി കൂടുതലുള്ളത്. അത് അവിടെ പുഴ ചെയ്തിട്ടാണ്, ലേലം നടക്കുന്നത്. പിന്നെ ലേലം നടക്കണമെങ്കിൽ ബാംഗ്ലൂരിൽ കൊണ്ടുപോകണം. ഇവിടെ ആരെങ്കിലും ഒരു കിലോ ഉപയോഗിക്കാനുള്ള ആവശ്യത്തിനു കൊണ്ടുപോകുന്നതല്ലാതെ ഏലം കൃഷിക്കാരെ സംബന്ധിച്ചിടത്തോളം ട്രാൻസ്പോർട്ട് ചെയ്ത് കേരളത്തിനു പുറത്തു കൊണ്ടുപോയാൽ അവർക്ക് ആദായകരമല്ലെന്നതുകൊണ്ട് ഒരു നഷ്ടവും വരാൻ വഴിയില്ല.

കരിമ്പു കൃഷി

* 317. [343] ശ്രീ. പി.കെ.കെ. ബാവ :
,, കെ.പി.എ. മജീദ് :
,, സി.ടി. അഹമ്മദ് അലി :
,, ഇ.ടി. മുഹമ്മദ് ബഷീർ :
,, പി. എം. അബൂബക്കർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ഹെക്ടർ സ്ഥലത്ത് കരിമ്പു കൃഷി ചെയ്യുന്നു ;

(ബി) കരിമ്പിന്റെ പ്രതിവർഷ ഉല്പാദനം എത്ര ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉപയോഗം എത്ര ;

(ഡി) കരിമ്പു കൃഷി വികസനത്തിന് ഗവൺമെൻറ് സ്വീകരിച്ചിട്ടുള്ള നടപടികളും എന്തെല്ലാം ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. എൻ. സുന്ദരൻ നാടാർ) :

(എ) 1985-86-ലെ കണക്കനുസരിച്ച് ഏഴായിരത്തി എഴുന്നൂറ്റി എഴുപത്. (7770 ഹെക്ടർ)

(ബി) 1985-86-ൽ നാലുലക്ഷത്തി എഴുപത്തിയയ്യായിരത്തി ഇരുന്നൂറ്റി മുപ്പത്തിയഞ്ച് മെട്രിക് ടൺ. (475235)

(സി) 97.8%.

(ഡി) കൃഷിവകുപ്പിന്റെ കീഴിൽ പന്തളത്തുള്ള ഫാമിൽനിന്നും, എരുത്തംപതിയിലുള്ള ഫാമിൽ നിന്നും 700 മെട്രിക് ടൺ മേൽത്തരം അലക്കങ്ങും ഉല്പാദിപ്പിച്ച്, പാലക്കാട്, പന്തളം, തിരുവല്ല എന്നീ പഞ്ചസാരഫാക്ടറികൾക്കു ചുറ്റുമുള്ള രജിസ്റ്റേഡ് കരിമ്പ് കർഷകർക്ക് സൗജന്യനിരക്കിൽ നൽകി വരുന്നു.

ശ്രീ. കെ.പി.എ. മജീദ് : സർ, ഈ കരിമ്പു കൃഷിക്ക് മറ്റ് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഈ കൃഷിയുടെ വികസനത്തിനായി നൽകി വരുന്നതെന്ന് പറയാമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : ഡെമോൺസ്ട്രേഷൻ പ്ലോട്ട്, ജലസേചന പദ്ധതി, പമ്പിംഗ് സബ്സിഡി, ഫെർട്ടിലൈസർ സബ്സിഡി, കീടനാശിനി സബ്സിഡി, ഇടവേളക്കൃഷിക്ക് സബ്സിഡി എന്നിവയാണ്.

കെ.പി.എ. മജീദ് : ഈ ആനുകൂല്യങ്ങളും നൽകിയതിന്റെ ഫലമായി പുതുതായി എത്ര ഹെക്ടർ സ്ഥലത്ത് കരിമ്പു കൃഷി ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട് ? ഈ കൃഷി വർദ്ധിച്ചുവരുന്നോ അതോ കുറയുകയാണോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അതിനെക്കുറിച്ച് പരിശോധിച്ചു വരുന്നുണ്ട്.

ശ്രീ. സി.ടി. മുഹമ്മദലി : ഈ കരിമ്പു കൃഷിക്ക് വളരെയധികം വികസന സാദ്ധ്യതയുള്ള കേരളത്തിൽ അതിനുവേണ്ടി ഒരു പ്രത്യേക ഡെവലപ്പുമെൻറ് കോർപ്പറേഷൻ രൂപീകരിക്കുന്ന കാര്യം ബഹുമാന്യയായ മന്ത്രി പരിഗണിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അതിനെക്കുറിച്ച് ആലോചിക്കാം.

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : സർ, സംസ്ഥാനത്തെ പഞ്ചസാരമില്ലുകൾക്ക് ആവശ്യമുള്ളത്ര കരിമ്പ് ലഭ്യമാണെന്ന അഭിപ്രായം ഗവൺമെൻറിനുണ്ടോ ? ഇല്ലെങ്കിൽ അത് വർദ്ധിപ്പിക്കുന്നതിനു വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അക്കാര്യം ഞാൻ നേരത്തെ പറഞ്ഞു. ഇപ്പോഴും തീരെ പോര, അതുകൊണ്ട് അത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരികയാണ്.

ശ്രീ ഇ. പത്മനാഭൻ : നമ്മുടെ സംസ്ഥാനത്തുള്ള പഞ്ചസാരമില്ലുകൾക്ക് ആവശ്യമായിട്ടുള്ള കരിമ്പിന്റെ 80 ശതമാനവും തമിഴ്നാട്ടിൽ നിന്നും, മറ്റുള്ള അയൽ സംസ്ഥാനങ്ങളിൽ നിന്നുമാണ് വരുന്നതെന്നുള്ള കാര്യം

LIBRARY ARCHIVES Kerala Legislative Assembly

പരിഗണിച്ച് നമ്മുടെ ജലസേചന പദ്ധതികളുടെ സമീപപ്രദേശങ്ങളിൽ നമ്മുടെ ഫാക്ടറികൾക്ക് ആവശ്യമായ അത്രയും കരിമ്പുകൃഷി ചെയ്യുന്നതിനുള്ള ഒരു പ്രത്യേക ഊർജ്ജിത കരിമ്പ് ഉല്പാദന പരിപാടിക്ക് കൃഷിവകുപ്പ് മുൻകൈയെടുക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : സർ, അത് പരിഗണനാർഹമായ നിർദ്ദേശമാണ്.

ഡോക്ടർ കെ. സി. ജോസഫ് : ഒരു ടൺ കരിമ്പ് ആട്ടി ശർക്കരയാക്കിയാൽ 500 രൂപ ലഭിക്കുമെന്നിരിക്കെ ഷുഗർ മില്ലുകൾ 205 രൂപയ്ക്ക് കരിമ്പ് എടുക്കുന്നതുകൊണ്ടാണ് കരിമ്പുകൃഷിക്കാർ ഷുഗർ മില്ലുകൾക്ക് കരിമ്പ് നൽകാത്തത് എന്നുള്ളതുകൊണ്ട് കൃഷിക്കാർക്ക് അർഹമായ വില നൽകി കരിമ്പ് ഏറെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ? അതുവഴി കരിമ്പുകൃഷിയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. എൻ. സുന്ദരൻ നാടാർ : പഞ്ചസാരയുടെ വിലയുമായി താരതമ്യപ്പെടുത്തിയിട്ടേ, കരിമ്പിന്റെ വില നിശ്ചയിക്കാനാവൂ.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ്

* 318. [344] ശ്രീ. തോമസ് കല്ലമ്പള്ളി :
,, പി. സി. ജോർജ് :
,, ടി. എസ്. ജോൺ :
,, സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ഒരാളുടെ ജാമ്യത്തിൽ എത്ര തുകവരെ വായ്പ നൽകുന്നുണ്ട് ;

(ബി) വസ്തു ജാമ്യം സ്വീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ) : സർ,

(എ) പുതുക്കിയ ജാമ്യ വ്യവസ്ഥയനുസരിച്ച് ചിട്ടിയിൽ പതിനായിരം (10,000) രൂപയുടെ ബാദ്ധ്യതയ്ക്കു വരെ ഒരാളുടെ ജാമ്യം സ്വീകരിക്കുന്നുണ്ട്. ഹയർ പർച്ചേയിസിൽ ഇരുപതിനായിരം (20,000) രൂപ വരെയുള്ള അഡ്വാൻസിന് ഒരാളിന്റെ ജാമ്യം മതിയാകുന്നതാണ്.

(ബി) ഉണ്ട്. കാലതാമസം ഒഴിവാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

ശ്രീ. തോമസ് കല്ലമ്പള്ളി : കെ എഫ്. സി. യിൽ നിന്നും ഇപ്പോൾ ചിട്ടി പിടിച്ചാൽ കാശ് കിട്ടാൻ രണ്ടുമൂന്നുമാസം താമസമെടുക്കുന്ന സ്ഥിതിയാണുള്ളത്. ഇതിനൊരു മാറ്റമുണ്ടാക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. തച്ചടി പ്രഭാകരൻ : അതുതന്നെയാണ് ചിട്ടിപിടിക്കുന്ന ആളുകളുടെ ഒരു പ്രധാന പരാതി. കംപ്യൂട്ടറൈസ് ചെയ്യാൻ പ്രധാന കാരണം ഇതു തന്നെയാണ്. ചിട്ടിപിടിച്ചുകഴിഞ്ഞാൽ ഒരു ഇൻഫർമേഷൻ അവിടെ നിന്നുകിട്ടാൻ വളരെ കാലതാമസം ഉണ്ടാകുന്നതുകൊണ്ട്, ചിറ്റാളൻമാർക്ക് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നു. അതുകൊണ്ടാണ് അത് കൂടുതൽ എഫിഷ്യൻറ് ആക്കാൻ വേണ്ടി കംപ്യൂട്ടറൈസ് ചെയ്തിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly